LK/2018/46032

# ദേവമാതാ ഹൈസ്കൂൾ ചേന്നങ്കരി

# വർണ്ണച്ചിറകുകൾ



ലിറ്റിൽ കൈറ്റ്സ്
ഡിജിറ്റൽ മാഗസിൻ
2022–25

# ഉള്ളടക്കം

എഡിറ്റോറിയൽ......4
മാർഗദർശനം......5
Message ......6
ആശംസ ......7
ആശംസ ......8
ആശംസ ......9
എഡിറ്റേഴ്സ് ......10
LITTLE KITES MEMBERS ......11
പാഠഭേദം ......12
വർണ്ണച്ചിറകുകൾ ......14
ലിറ്റിൽ കൈറ്റ്സ് ......15
പുലരിപ്പൂക്കൾ ......16
പ്രതിഫലം നൽകുന്ന ദൈവം ......17
अनुशासन का महत्व ......18
ORDINARY......19
കരുണ ......20
പാഠശാല ......21
AVOID DRUGS......21
MY SCHOOL......22
വര ......23
Palindromic numbers ......24
വാല്യം തലയും നട്ടവും ......25
അന്നും...... ഇന്നും...... ......26
ഡിസംബറിലെ സമ്മാനം ......27
വിദ്യാലയത്തിലെ ഓർമ്മകൾ......28
The unknown ......29
മഴയോർമ്മകൾ ......30
ജീവിത സ്വപ്നം......31
MY OLD MEMORIES ......32
MY FATHER ......32
THE KINDNESS OF FREDDY ......33
അച്ഛൻ ......34
THE RAINBOW ......35
അച്ഛൻ ......35
The Allu ......36
വെറുപ്പ്......36
ക്രിസ്തുമസ് രാവ്......37
വാർമഴവില്ലും ആകാശം എന്ന മൈതാനവും......38
മിന്നാമിനുങ്ങും കുട്ടിയും ......39
मेरा गांव ......40

THE IMPORTANCE OF EDUCATION IN THE BACKGROUND OF HOLY BOOKS ....................41
അമ്മ ......................................................................................................................43
ചോനൻ ഉറുമ്പ്..........................................................................................................43
THE LEADER ..........................................................................................................44
MY FAMILY ............................................................................................................44
മാതാപിതാക്കൾ........................................................................................................45
Anime World ..........................................................................................................45
ജീവന്റെ വില ..........................................................................................................46
യഥാർത്ഥ സുഹൃത്ത് ..................................................................................................46
സോഷ്യൽ മീഡിയയും ഇന്നത്തെ കാലഘട്ടവും .................................................................47
താഴ്വരയിലെ കുളിർക്കാറ്റ്..........................................................................................48
ലിറ്റിൽ കൈറ്റ്സ് പ്രവർത്തനനങ്ങൾ.................................................................................49

# എഡിറ്റോറിയൽ.........

അതിരുകളില്ലാത്ത നീലാകാശത്ത്
പാറി പറക്കുവാൻ ചിറകുകൾ വിടർത്തണം.
വിദ്യയുടെ കളിമുറ്റത്ത് നമ്മുടെ
ചിറകുകളെ വിടർത്തി പറക്കാൻ പഠിക്കാം.
കായലുകളും കടലുകളും ഭൂഖണ്ഡങ്ങളും
ചക്രവാളങ്ങളും താണ്ടുവാൻ ചിറകുകൾക്ക്
കരുത്തും ക്ഷമതയും ഉണ്ടാകട്ടെ. ജീവിതത്തിന്റെ
കൊടുമുടികൾ അനായാസം കീഴടക്കാൻ
ചിറകുകൾക്ക് കഴിയട്ടെ
അനന്ത നീലാകാശത്ത് വർണ്ണച്ചിറകുകൾ
വീശി വീശി ഉയരങ്ങൾ കീഴടക്കാം.

സ്നേഹപൂർവ്വം

ട്രീസ തോമസ്
(ചീഫ് എഡിറ്റർ)



# മാർഗദർശനം

**ശ്രീ. മാത്യു എം. സി**

( ഹെഡ്മാസ്റ്റർ )

**ശ്രീമതി. ആശ സെബാസ്റ്റ്യൻ**

( സീനിയർ അസിസ്റ്റന്റ് )

**ശ്രീ. സജോമോൻ തോമസ്**

(S I T C)

**ശ്രീമതി. മറിയമ്മ ജോസഫ്**

(Joint S I T C & Kite mistress)

**ശ്രീമതി. സനിതാമോൾ സ്കറിയ**

(Kite mistress)

# Message



I am delighted to extend my warmest wishes and heartful congratulations on your digital school magazine.As the school manager, I am immensely proud of the dedication, creativity and hardwork that has gone into bringing this project to life

This magazine is a testament to the talent and creativity and hardwork of our school students.From your thought - provoking articles stunning art work and others showcase the talent and passion of your community. Through this magazine you have given voice to your experiences, ideas and dreams inspiring us all. May this magazine be a platform, you to continue expressing your talents and sharing unique perspective with the world.

Once again, congratulations to all involved in the creation of this remarkable publication. I look forward to the exciting journey ahead as we continue to celebrate the creativity and talent of our school community.

With warmest regards
Rev. Fr. Rojen Nelpurackal

# ആശംസ

ചേന്നങ്കരി ദേവമാതാ ഹൈസ്കൂൾ
ലിറ്റിൽ കൈറ്റസ് ക്ലബിന്റെ ആഭിമുഖ്യത്തിൽ
തയ്യാറാക്കിയിരിക്കുന്ന ഡിജിറ്റൽ മാഗസിന്
എല്ലാവിധ ആശംസകളും . കുട്ടികളുടെ
സർഗ്ഗശേഷിയും ഭാവനയും വികസിപ്പിക്കുന്നതിനും
അക്ഷരങ്ങളെയും, ആശയങ്ങളെയും ഡിജിറ്റലൈസ്
ചെയ്യുന്നതിനും ഇത്തരം സംരംഭങ്ങൾ
ഉപകാരപ്രദമാണ്. നമ്മുടെ കുട്ടികളുടെ
സർഗ്ഗശേഷിയും സാങ്കേതികമികവും
കൂടുതൽ കരുത്താർജ്ജിക്കട്ടെയെന്ന്
ആശംസിക്കുന്നു.

– സ്നേഹപൂർവ്വം
മാത്യു. എം. സി



# ആശംസ

## "ഉയരട്ടെ പട്ടം"

അറിവിനൊപ്പം ആനന്ദമേകിയും
കാലത്തിനൊപ്പം മാറ്റങ്ങളേകിയും
ലോകത്തിനൊപ്പം കൂടെ നടന്നും
മുന്നേറുന്ന സങ്കേതവുമായി
നമ്മെ വളർത്തുന്ന നയിക്കുന്ന
"ലിറ്റിൽ കൈറ്റസ്"

വരും കാലങ്ങളിൽ നേട്ടമാകുവാൻ......
ഉയർന്ന് പറക്കുവാൻ
വിജയത്തിൻ ചിറകിലേറുവാൻ
കൂട്ടാകുവാൻ , കൂടെയാകുവാൻ
കുഞ്ഞിപ്പട്ടങ്ങളുടെ വിദ്യാലയാനുഭവങ്ങൾ
എന്നെന്നും നമ്മെ നയിക്കട്ടെ..

**"ആശംസകൾ"**

**ആശ സെബാസ്റ്റ്യൻ**
**(അദ്ധ്യാപിക)**



# ആശംസ

വിവരവിനിമയ സാങ്കേതിക വിദ്യയുടെ വാനിലേക്ക് ചരടഴിച്ചുയരാനുള്ള കൊച്ചു പട്ടങ്ങളുടെ (little kites) മറ്റൊരു ശ്രമമാണ് ദേവമാതയുടെ പ്രതിഭകൾ തയ്യാറാക്കുന്ന വർണ്ണച്ചിറകുകൾ എന്ന ഡിജിറ്റൽ മാഗസിൻ. കടലാസും പേനയും ഓർമകളായിത്തീരുന്ന പുതുകാലത്ത് മനസ്സെത്താ ദൂരത്തേക്ക് മൈക്രോ സെക്കന്റ് കൊണ്ട് വികാരങ്ങളെത്തിക്കുന്ന 5G കാലത്തെ കൗമാരങ്ങളുടെ കാൽവെപ്പ്.

e-കാലത്തിന്റെ കൈപിടിച്ച് നടന്നു നീങ്ങുകയാണ് നമ്മുടെ കുട്ടികൾ. അച്ചടി മഷിയുടെ മണമോ കടലാസ് പുറങ്ങളോ പുസ്തക ഭാരമോ ഇല്ലാത്ത ഒരു അക്ഷര വിരുന്ന്. സൈബർ ലോകത്തിന് സാഭിമാനം സമർപ്പിക്കുന്ന സാങ്കേതികതയും സർഗാത്മകതയും സമഞ്ജസമായി സമന്വയിക്കുന്ന ഡിജിറ്റൽ മാഗസിന്റെ ആശയങ്ങൾ മുതൽ സമർപ്പണം വരെയുള്ള ഓരോ ഘട്ടത്തിലും പ്രവർത്തിച്ച അധ്യാപകരെയും കുട്ടികളെയും അഭിനന്ദിക്കുന്നതോടൊപ്പം വർണ്ണച്ചിറകുകൾ അനേകമനേകം ആസ്വാദക മനസുകളിലേയ്ക്ക് പറന്നിറങ്ങട്ടെ എന്ന് ആശംസിക്കുന്നു.

സ്നേഹപൂർവ്വം
ശ്രീ. റോചാ സി മാത്യു
പി.ടി.എ പ്രസിഡൻ്റ്




# എഡിറ്റേഴ്സ്

ട്രീസ തോമസ്
ബിസ്മി ബിജു
അപർണ്ണ രാജീവ്
ജീമോൻ തോമസ്
നെവിൻ ജോർജ്ജ് ടിജോ
ബിബിൻ കെ ബിജോ





# വര



അഭിമന്യു സന്തോഷ്
അർജുൻ സനൽ



# LITTLE KITES MEMBERS



* STEPHEN JOSEPH
* EDWIN MATHEW
* ARJUN SANAL
* AADHITHYAN S LEJU
* JEEMON THOMAS
* NEVIN GEORGE TIJO
* ABHIMANUE SANTHOSH
* JOEL JOSHI
* MEBIN VARGHESE
* ANUSHA K M
* SURABHI SURESHKUMAR
* GRITTY ALPHONS MATHEW
* MARIA J THOMAS
* TREESA THOMAS
* ANNMARIA BIJU
* AHALYA AJITH
* DEVIKA P S
* MALU B
* SHIBI SHIJO
* SREELEKSHMI P S
* SEETHAL MANOJ

# പാഠഭേദം

– കഥ

അമ്മമ്മേ... അമ്മമ്മേ....

കൊച്ചുമക്കളുടെ വിളി കേട്ടാണ് അടുക്കളയിൽ നിന്നും പുറത്തേക്ക് വന്നത്. അമ്മയും മക്കളും കൂടി സ്കൂൾ വിട്ടുള്ള വരവാണ്.

ഇന്ന് പതിവില്ലും സന്തോഷത്തോടെ ആണല്ലോ എല്ലാവരുടെയും വരവ്.

ഇന്നെന്താ ഇത്ര സന്തോഷം എല്ലാവർക്കും?

അത് പറയാം.

അമ്മമ്മ ഇങ്ങ് വന്നേ.

ഏബൽ മോൻ പറഞ്ഞു.

അമ്മമ്മേ, ഞങ്ങളുടെ ഡിജിറ്റൽ മാഗസിന് ഒന്നാം സ്ഥാനം കിട്ടി.

ഡിജിറ്റൽ മാഗസിനോ?

അതെന്താ മോനെ?

അമ്മയുടെ കയ്യിൽ നിന്നും ഫോൺ വാങ്ങി മോൻ ഓരോന്നായി കാണിക്കാൻ തുടങ്ങി. മക്കളുടെ സൃഷ്ടികൾ കണ്ട് അത്ഭുതപ്പെട്ടിരുന്ന അമ്മയുടെ അടുത്തേക്ക് അധ്യാപികയായ മകൾ എത്തി. അമ്മയ്ക്ക് കാര്യങ്ങൾ വിശദീകരിച്ച കൊടുത്തു.

അമ്മേ, ഇതെല്ലാം കുട്ടികളുടെ കലാസൃഷ്ടികൾ തന്നെ. എല്ലാം കമ്പ്യൂട്ടർ വഴി ചെയ്യുന്നു എന്നേയുള്ളൂ.

അമ്മയ്ക്ക് ഓർമ്മയില്ലേ, ഞങ്ങൾ പഠിച്ചിരുന്ന കാലത്ത് വിദ്യാരംഗം കലാസാഹിത്യ വേദിയുടെ മത്സരത്തിൽ എല്ലാവർഷവും ഞങ്ങളുടെ കയ്യെഴുത്ത് മാസികയ്ക്ക് ഒന്നാം സ്ഥാനം കിട്ടിയിരുന്നത്.

ശരിയാ മോളെ.
ഞാൻ ഓർക്കുന്നു .

നിങ്ങൾക്ക് എന്ത് ആവേശമായിരുന്നു അന്ന് .
എത്ര ദിവസം കുട്ടികളെല്ലാവരും നമ്മുടെ വീട്ടിൽ വന്നിരുന്നു അതിൻെറ പണികൾ തീർക്കാൻ.

ഹൈസ്കൂളിൽ പഠിച്ചിരുന്ന മൂന്നുവർഷവും നീ അല്ലായിരുന്നോ അതിൻെറ എഡിറ്റർ.

അന്നൊക്കെ നിങ്ങൾ എഴുതി തയ്യാറാക്കിയിരുന്നതുകൊണ്ട് എല്ലാവരുടെയും കൈയ്യക്ഷരം എത്ര നന്നായിരുന്നു. അതുപോലെ അക്ഷരത്തെറ്റ് ഇല്ലാതെ എഴുതാനും നിങ്ങൾക്കറിയാമായിരുന്നു .

ഇന്നിപ്പോൾ എല്ലാം കമ്പ്യൂട്ടറൈസ്ഡ് ആയില്ലേ?

അക്ഷരവടിവും അക്ഷരത്തെറ്റും ഒക്കെ ആര് ശ്രദ്ധിക്കാൻ?
അല്ലേ?

ആ പോട്ടെ, നിങ്ങൾ പേന പിടിച്ച കയ്യിൽ ഇന്ന് കുഞ്ഞുങ്ങൾ മൗസ് പിടിക്കുന്നു. വിവരസാങ്കേതിക വിദ്യയുടെ കാലമല്ലേ ഇത്!

അത് പറഞ്ഞപ്പോഴാണ് ഓർത്തത് .നമ്മുടെ അനുക്കുട്ടി ഇന്ന് മൂന്നു മണിക്ക് അയർലണ്ടിൽ എത്തി എന്നും പറഞ്ഞ് വിളിച്ചിരുന്നു .

ആണോ അമ്മേ!

ഞാൻ ചോദിക്കാൻ ഇരിക്കുകയായിരുന്നു. അനുക്കുട്ടിയുടെ ഫോൺ വന്നോ എന്ന്.

അവളുടെ യാത്രയൊക്കെ സുഖമായിരുന്നോ, അമ്മേ?

ദൈവാനുഗ്രഹത്താൽ ഒരു ബുദ്ധിമുട്ടും കൂടാതെ അവൾ എത്തി. നീ വന്നിട്ട് വീഡിയോ കോൾ വിളിക്കാമെന്ന് പറഞ്ഞിരുന്നു.

ശരി അമ്മേ .

ഞാൻ മക്കൾക്ക് വല്ലതും കഴിക്കാൻ കൊടുക്കട്ടെ.

അന്നമ്മച്ചി വീണ്ടും പഴയ കാര്യങ്ങൾ ഓർത്തെടുക്കാൻ ശ്രമിക്കുകയായിരുന്നു. പണ്ടുതാൻ കറസ്പോണ്ടൻസ് കോഴ്സ് പഠിച്ചിരുന്ന സമയത്ത് തിരുവനന്തപുരത്ത് പത്ത് ദിവസത്തെ ക്ലാസ്സ് കൂടാൻ പോയ കാര്യം ഓർത്ത് അന്നമ്മച്ചിക്ക് ചിരി വന്നു.

ഹോസ്റ്റലിൽ ചെന്ന വിവരത്തിന് അന്നുതന്നെ വീട്ടിലോട്ട് കത്ത് എഴുതിയെങ്കിലും ക്ലാസ് കഴിഞ്ഞ് താൻ വീട്ടിലെത്തി രണ്ടുദിവസം കൂടി കഴിഞ്ഞാണ് താൻ എഴുതിയ കത്ത് വീട്ടിൽ കിട്ടിയത് .എല്ലാവരും കൂടി എന്ത് ചിരിയായിരുന്നു.

ഇന്നിപ്പോൾ തന്റെ മോള് വെളുപ്പിനെ വീട്ടിൽ നിന്ന് ഇറങ്ങി കടൽ കടന്ന് മറ്റൊരു നാട്ടിലെത്തിയ വിവരം അപ്പോൾ തന്നെ തനിക്കറിയാൻ കഴിഞ്ഞു.

ഇനിയും എന്തൊക്കെ കാണേണ്ടി വരുമോ എന്തോ???!!!

ശ്രീമതി ജോളി ജോസഫ്
(മുൻ ഹെഡ്മിസ്ട്രസ്സ്)



# വർണ്ണച്ചിറകുകൾ

പറക്കുവാൻ ചിറകുകൾ വേണം.
ഒന്നല്ല രണ്ട് ചിറകുകൾ വേണം.
രണ്ടു ചിറകുകളും വിരിച്ചു പിടിക്കണം.
രണ്ടു ചിറകുകളും വിരിച്ച് വീശി വീശി പറക്കണം.

പ്രിയപ്പെട്ട കുഞ്ഞുങ്ങളെ ,വിദ്യയും വിവേകവുമാകുന്ന രണ്ടു വർണ്ണച്ചിറകുകൾ നിങ്ങൾക്കുമുണ്ടാകട്ടെ. നൂതന സാങ്കേതിക വിദ്യകൾ സ്വായത്തമാക്കുമ്പോഴും മൂല്യബോധം കൈവെടിയാതിരിക്കാം. നല്ലൊരു നാളെയെ പടുത്തുയർത്തുവാൻ നിങ്ങൾക്ക് സാധിക്കട്ടെ. വർണ്ണച്ചിറകുകൾ വീശി ജീവിതമാകുന്ന നീലാകാശത്ത് പാറി പറക്കാൻ നിങ്ങൾക്ക് കഴിയട്ടെ.
എല്ലാ ഭാവുകങ്ങളും നേരുന്നു.!!

സ്നേഹപൂർവ്വം
മറിയമ്മ ജോസഫ് (ദീപാ)
കൈറ്റ് മിസ്ട്രസ്



# ലിറ്റിൽ കൈറ്റ്സ്

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിൻ്റെ ഭാഗമായി സർക്കാർ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്ന ഹൈസ്ക്കൂൾ കുട്ടികളുടെ ഒരു ഐ.ടി ക്കൂട്ടായ്മയാണ് ലിറ്റിൽ കൈറ്റ്സ് .ഒരു ലക്ഷത്തിലധികം വിദ്യാർത്ഥികൾ ഇതിൽ അംഗങ്ങളാണ്. ആദ്യനാളുകളിൽ 'കുട്ടിക്കൂട്ടം' എന്നാണിതറിയപ്പെട്ടിരുന്നത്. പിന്നീട് ലിറ്റിൽ കൈറ്റ്സ് എന്ന് പുനർ നിർണയിച്ചു.

വിവര വിനിമയ വിദ്യാ സങ്കേതങ്ങൾ കുട്ടികളിൽ കൂടുതലായി എത്തിക്കുന്നതിനുള്ള സാഹര്യം ഒരുക്കുന്നു. വിദ്യാലയങ്ങളിലെ സാങ്കേതിക ഉപകരണങ്ങളുടെ ഉപയോഗവും നടത്തിപ്പും പരിപാലനവും കാര്യക്ഷമമാക്കുന്നതിൽ വിദ്യാർത്ഥികളെ ചുമതലപ്പെടുത്തുന്നു. സുരക്ഷിതവും മാന്യവുമായ ഇൻ്റർനെറ്റ് ഉപയോഗം , സൈബർ കുറ്റകൃത്യങ്ങൾ എന്നിവയെക്കുറിച്ച് വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു. ഇതുമായി ബന്ധപ്പെട്ട പ്രചാരണ പരിപാടികളിൽ നേതൃത്വം വഹിക്കാൻ കുട്ടികളെ പ്രാപ്തരാക്കുന്നു. സാങ്കേതിക ഉപകരണങ്ങൾ പരിചയപ്പെടാനും അവ ഉപയോഗിച്ച് വിവിധ നിർമ്മാണ പ്രവർത്തനങ്ങളിൽ പങ്കാളിയാകാനും ഉള്ള അവസരം കുട്ടികൾക്ക് ഇതിലൂടെ ലഭ്യമാകുന്നു.

സനിതാമോൾ സ്ക്കറിയ
കൈറ്റ് മിസ്ട്രസ്



# പുലരിപ്പൂക്കൾ

കവിത

സൂര്യക്കിരണങ്ങൾ ഭൂവിൽ പതിക്കവേ
പുലരിവെട്ടം തൻ പൂവിൽ പതിഞ്ഞു.
മെല്ലെ മെല്ലെ പൂവിൻചുണ്ടിൽ പുഞ്ചിരി വിരിഞ്ഞു
നാടെങ്ങും സുഗന്ധമുയർന്നു
വണ്ടുകൾ തൻ മൂളലും  കേൾക്കാം

അമ്മക്കിളിതൻ ചുണ്ടിൽനിന്നും ശ്രുതിപാട്ടുയരവേ
കുഞ്ഞിക്കിളികൾ തലയുയർത്തി നോക്കി, കുഞ്ഞിപ്രാവിൻ ചെറു
കിണുങ്ങലും.
നാടെങ്ങും ചെറുമർമ്മരമുയർന്നു. അങ്ങകലേ കേൾക്കുന്ന
പള്ളിമണിനാദവും
കുന്തിരിക്കത്തിൻ നറു ഗന്ധവും പടരുന്നു.
ചെടികളെയും പുഴകളെയും തഴുകി
പുന്നാരം പറഞ്ഞ് എത്തുന്ന പുലരി
നമ്മെ കുളിരണയിക്കുന്നു
എവിടെയും  പുലരിയിൽ കൊഴിഞ്ഞു് വീഴുന്ന ഇലകളെ
തഴുകി നീക്കുന്ന വീട്ടമ്മമാർ തൻ ചൂലിൻ മന്ത്രനാദം
ഊർജ്ജ്വസ്വലമായ ഒരു പുലരി ആശംസിച്ച് കൊണ്ട്
പുലരിപ്പൂക്കൾ ആനന്ദനർത്തനം ചെയ്യുന്നു.

ആൻമരിയ ബിജു
IX



# പ്രതിഫലം നൽകുന്ന ദൈവം

ഡൊമനിക്കിന് വയസ്സ് പത്തുണ്ടേ ആയുള്ളു. രണ്ട് മൈയിൽ ദൂരം നടന്നാണ് അവന് സ്കൂളിലേക്ക് പോകേണ്ടിയിരുന്നത്. പൊള്ളുന്ന വെയിലിൽ തനിച്ച് സ്കൂളിലേക്ക് പോകുന്ന ഡൊമനിക്കിനെ കണ്ട് ഒരു മനുഷ്യൻ അവന്റെ അടുത്തെത്തി ചോദിച്ചു. നിനക്ക് ഇത്രയും ദൂരം തനിച്ച് യാത്ര ചെയ്യാൻ ഭയമില്ലേ? ഡൊമനിക്ക് മറുപടി പറഞ്ഞു. ഞാൻ അതിന് തനിച്ചല്ലല്ലൊ നടക്കുന്നത് ?

ആ മനുഷ്യൻ ആകാംശയോടെ ചോദിച്ചു : പിന്നെയാരാ നിന്റെ കൂടെയുള്ളത് ?

എന്റെ കാവൽ മാലാഖ എന്റെ കൂടെയുണ്ട്. ഞാൻ തനിച്ചല്ല. . അയാൾ വീണ്ടും അത്ഭുതത്തോടെ ചോദിച്ചു: ഈ കൊടും വെയിലിൽ ഇത്രയും ദൂരം പലതവണ നിനക്ക് നടക്കേണ്ടി വരുന്നത് വളരെ പ്രയാസം നിറഞ്ഞ കാര്യമല്ലേ ?

ഡൊമനിക്ക് പറഞ്ഞു. പ്രതിഫലം ലഭിക്കുമെങ്കിൽ ജോലിചെയ്യുന്നതിന് യാതൊരു പ്രയാസവുമില്ല.

അയാളുടെ ജിജ്ഞാസ വർദ്ധിച്ചു. ആരാ നിനക്ക് പ്രതിഫലം തരുന്നത് ?

അതറിയില്ലേ ? തന്നെ പ്രതി ഒരു പാത്രം പച്ച വെള്ളം കൊടുക്കുന്നവനുപോലും പ്രതിഫലം നൽകുന്ന ദൈവം....

കുട്ടികളെ ഡൊമനിക്ക് സാവിയോ ചിന്തിച്ചതുപോലെ സ്കൂളിൽ പോകുന്നതും നന്നായി പഠിക്കുന്നതും എല്ലാം യജമാനനായ ഈശോയ്ക്ക് വേണ്ടിയുള്ള ജോലിയായി കരുതി ഈശോയിൽ ആശ്രയിച്ച് ജീവിക്കുമ്പോൾ വിശുദ്ധരെപ്പോലെ ഏറെ കാര്യങ്ങൾ നമുക്ക് ചെയ്യാൻ സാധിക്കും.

സിസ്റ്റർ അമല SABS
(അദ്ധ്യാപിക)



# अनुशासन का महत्व

अनुशासन विद्यार्थी जीवन में एक महत्वपूर्ण गुण है । विजय या लक्ष्य तक पहूँचने की पहली सीढी है अनशासन । इसके माध्यम से , छात्रों को समय प्रबंधन , स्वयं नियत्रण , नियमितता और कर्तव्यों का पालन करने की क्षमता विकसित की जाती है । अनुशासन विद्यार्थी जीवन में अवश्यक है कोंकि इससे छात्रों को विद्य की अच्छी प्राप्ति होती है । अनुभसित विद्यार्थी समय सार्थकता से बिताता है । नियमित व्यायाम , आहार , ओर आराम को सदुपयोग करता है । अनुशासित छात्रों को दिनचर्या नियमत होता है । जससे उनकी नींद, खान- पान और मनोरजन के समय पर्याप्त मात्रा में होता हो अनुशासिन विद्यार्थी कठिनाइयों के सामने सहनशीता और सहजता दिखाता है । शिक्षा में अनुशासन का महत्वपूर्ज स्थान है । विद्यालय में , सामाजिक जीवन में और घर स्थान पर हमें अनुशासन के मियमों का पालन चाहिए ।

अभिमन्यु संतोष

IX



# ORDINARY

My life is ordinary life.
I am just an ordinary person.
I like ordinary foods.
I don't like rich people
I like ordinary people
I don't like township
I like village
I like ordinary fruits.
My house is ordinary house.
I love my ordinary life

MEBIN JAIKISH
IX



# കരുണ



ഒരു ഗ്രാമത്തിൽ ക്ലാര എന്ന ഒരു കുട്ടി ജീവിച്ചിരുന്നു. അവൾ വളരെ ദയാലുവും സ്നേഹശീലയും കരുണയുള്ളവളുമായിരുന്നു. അവൾക്ക് പാവങ്ങളെ സഹായിക്കാൻ വളരെ ഇഷ്ടമായിരുന്നു. അവൾ അവളുടെ അമ്മയുടെയും അച്ഛന്റെയും കൂടെ സന്തോഷത്തോടു കൂടിയാണ് ജീവിക്കുന്നത്. ഇന്ന് ക്ലാരയുടെ 15-ാം ജന്മദിനമാണ്. അവൾക്ക് പാവങ്ങളെ സഹായിക്കാൻ വളരെ ഇഷ്ടമായതുകൊണ്ട് അച്ഛൻ അവളുടെ കൈയ്യിൽ കുറച്ച് പൈസ കോടുത്തിട്ട് പറഞ്ഞു; മോളെ നിനക്ക് ഇ,ഷടമുള്ളവരെപോയി സഹായിക്കൂ. അതു കേട്ട് അവൾ വളരെ സന്തോഷിച്ചു. അവൾ പുറത്തിറങ്ങി, പാവങ്ങളെ സഹായിച്ചു. മടങ്ങുന്നവഴി ഒരു തിരക്കുള്ള തെരുവിൽ ഒരു കൊച്ചുകുട്ടി കരയുന്നത് ക്ലാര കണ്ടു. അവൾക്ക് ആ കുട്ടിയെ അവിടെ ഉപേക്ഷിക്കാൻ മനസ്സുവന്നില്ല. അവൾ ആ കുട്ടിയുടെ അരികിൽ ചെന്ന് കര്യം തിരക്കി. അപ്പോൾ ആ കുട്ടി പറഞ്ഞു; ഞാൻ എന്റെ അമ്മയുടെ കൂടെ വന്നതാണ്. പക്ഷേ ഈ തിരക്കിൽ എനിക്ക് അമ്മയെ നഷ്ടപ്പെട്ടു. ഇതു കേട്ടപ്പോൾ അവൾക്ക് സങ്കടം തോന്നി. അവർ ആ കുട്ടിയേയും കൊണ്ട് അവളുടെ അമ്മയെ കണ്ടുപിടിക്കാൻ പോയി.

വഴിവക്കത്ത് കരഞ്ഞുനിൽക്കുന്ന ഒരു സ്ത്രീയെ കണ്ടു ആ കുട്ടി പറഞ്ഞു " ഇതാണെന്റെ അമ്മ"അങ്ങനെ അവൾ ആ കുട്ടയെ തന്റെ അമ്മയുടെ അടുക്കൽ എത്തിച്ചു. അവൾ ആത്മസംതൃപ്തിയോടുകൂടി മടങ്ങി.



അനുഷ കെ. എ
IX

# പാഠശാല

ശാലകളിൽ മികച്ച ശാല പാഠശാല
ജീവിതത്തിൽ ലക്ഷ്യം നല്കുന്നശാല
അസാധ്യത്തെ സാധ്യമാക്കുന്ന ശാല
ബന്ധം നല്കുന്ന ശാല
ജീവിതത്തിലെ മികച്ച സമയമാകുന്ന ശാല
ഓടാനും പാടാനും നല്കാനും
കുട്ടിനുമുള്ള ശാല
പ്രതിസന്ധിയുടെ തുടക്കമാകുന്ന ശാല
പോകാനും പോകാതിരിക്കാനുമുള്ള ശാല
ആദ്യമുറിപ്പാടുകളുടെ ശാല
പാഠം പഠിപ്പിക്കുന്ന ശാല
തോളത്ത് കൈയ്യിടാൻ പഠിച്ചശാല
എന്നും പങ്കിടാൻ പഠിച്ച ശാല
പ്രകൃതിയെ സ്നേഹിക്കാൻ പഠിച്ച ശാല
പഠിക്കുന്നതിലെ മേന്മ പഠിച്ച ശാല
വിദ്യയും അവിദ്യയും വേർതിരിച്ചറിഞ്ഞ ശാല
അടിത്തറയായിമാറുന്ന പഠിപ്പുശാല
മത്സരത്തെ പഠിപ്പിച്ചു തന്ന ശാല
എന്റെ സ്വന്തം പാഠശാല.

ജെറോം ബിജോയ്
X



## AVOID DRUGS

The drugs will destroy our life.
The drugs will destroy our family.
I am afraid the after effects of drugs.
Drugs will destroy our future and our scoicty
Drugs will  destroy our freedom.
Avoid drugs then you will definately get a better life.

STEPHEN JOSEPH
IX





# MY SCHOOL



*In halls of learning, where knowledge gleams,*
*Where minds ignite like vibrant beams,*
*Each day unfolds a new regime,*
*In my dear school, a cherished dream.*

*With corridors that echo cheer,*
*And classrooms where ideas appear,*
*In every book, a world sincere,*
*In every friend, a bond so dear.*

*Teachers guide with wisdom bright,*
*Illuminating paths of light,*
*In every challenge, there's insight,*
*In every test, a chance to fight.*

*From morning bell to evening chime,*
*In rhythms of our school time prime,*
*We weave our tales, our prose, our rhyme,*
*In this grand symphony, sublime.*

*The playground hums with joyful play,*
*Where friendships bloom in every way,*
*In every laugh, a sunlit ray,*
*In every game, a chance to sway.*

*Through lessons learned, and friendships made,*
*In memories cherished, and dreams displayed,*
*In my dear school, where hearts are swayed,*
*In every moment, life is portrayed.*

*So here's to our school, steadfast and true,*
*In its embrace, we all pursue,*
*The heights of knowledge, skies so blue,*
*In every heart, a passion a new.*



**Mervin Tom**
**Teacher**

# വര





**അർജുൻ സനൽ**

IX

# ഇരുവഴി സംഖ്യകൾ (Palindromic numbers)

26+62=88
25+74=99

എത്ര തിരിച്ചിട്ടാലും ഒരേ പോലെ വായിക്കാൻ പറ്റുന്ന അക്കങ്ങൾ ആണ് ഇരുവഴി സംഖ്യകൾ.
(Palindromic numbers)

1111 ഇതും ഒരു ഇരുവഴി സംഖ്യയാണ്.
ഇങ്ങനെ എത്ര അക്കങ്ങൾ കൂട്ടി വേണമെങ്കിലും
ഇരു വഴി സംഖ്യയെ കണ്ടെത്താൻ കഴിയും.
മറ്റു ചില ഉദാഹരണങ്ങൾ:
(11,66,22,77,33,88,44,99,55)

ഉദാഹരണം;

154+
451
605+
506
1111

## Palindromic alphabetic words

Malayalam
Dad
Eye
Madam
Nun
Radar
Pullup
Mom
Noon

മലയാളം

കലിക
കണിക
കത്രിക
ജലജ
മഹിമ
കറുക

Sijal J Mathew
IX



# വാലും തലയും നടുവും

ഒരു വീട്ടിൽ മൂന്നു കുട്ടികൾ. പേരുകളല്ല പ്രായമാണ് അവരെ വീട്ടിൽ വിളിക്കാൻ അച്ഛനും അമ്മയും ഉപയോഗിച്ചത്. മൂത്തോൻ, നടുവോൻ, ഇളയോൻ. ഒരു സമ്പന്ന കുടുംബം വേണ്ടുവോളം എല്ലാമുണ്ട്. അച്ഛനും അമ്മയ്ക്കും പുറമെ മുത്തശ്ശിയും മുത്തച്ഛനും കൂടി വീട്ടിലുള്ളതിനാൽ കുട്ടികൾക്ക് കളിക്കാൻ ആൾക്ഷാമവുമില്ല . പക്ഷേ നടുവന് എന്നുമെപ്പോഴും സങ്കടത്തിനെ നേരമുള്ളു. അവന്റെ എന്തും ചേട്ടൻ എടുക്കും. മിതിർന്നവന്റെ അവകാശം മുൻനിർത്തിയാണിത്. മൂത്തവനെ ബഹുമാനിക്കണം എന്നാണ് വീട്ടിലെ നിയമം. എന്നാലോ, ചെറിയേട്ടന്റെ എല്ലാം ഇളയവനും എടുക്കും. അപ്പോഴും വീട്ടിലെ തീർപ്പ് അവൻ ചെറുതല്ലേ, അവനെ കരയിക്കാതെ നോക്കേണ്ടത് മൂത്തവരുടെ ചുമതലയല്ലേ എന്നാണ്. നടുക്കത്തവൻ കരഞ്ഞാലും ഫലമില്ല. സമാധാനിപ്പിക്കാൻ മുത്തച്ഛനും മുത്തശ്ശിയും ശ്രമിക്കുമെന്നാലും അക്രമത്തിന് അറുതി വരുത്താൻ അവരെക്കൊണ്ട് കഴിഞ്ഞില്ല, ഇങ്ങനെ ഇരിക്കെയാണ് മുത്തച്ഛൻ വിഷുചന്തയിൽ നിന്ന് ബലൂൺവാങ്ങിക്കൊണ്ട് വന്നത്. ഊതിയാൽ മനുഷ്യകോലത്തിലാകുന്ന തരം. ഒന്നൊരു പോലീസും മറ്റേതു വെളിച്ചപ്പാടും മൂന്നാമത്തേത് ഒരു പാപ്പാനിയും. കണ്ടപ്പോഴെ മൂത്തവൻ പറഞ്ഞു: പാപ്പാനി എനിക്കുവേണം. ഇളയവൻ കരച്ചിലായി. എനിക്ക് വെളിച്ചപ്പാടിനെ വേണം . പിടിവലിയും കരച്ചിലുമായി. അവസാനം നടുവോനെ പതിവുള്ള ന്യായങ്ങൾ അടക്കി നിർത്തി മറ്റിരുവരുടെയും ഇഷ്ടത്തിന് വീതംവെപ്പ് കഴിഞ്ഞു. മൂന്നാളും താന്താങ്ങളുടെ ബലൂണുകൾ ഊതിവീർപ്പിച്ച അപ്പോഴാണ് മനസ്സിലായത് പോലീസ് ബലൂൺ മറ്റു രണ്ടിന്റെയും നാലിരട്ടി വലുതാകുമെന്ന്. മാത്രമല്ല ആ ബലൂൺ സംസാരിച്ചു ! നടുവോനെ ചൂണ്ടി മൂത്തവനോട് പറഞ്ഞു. " ഇവൻ നിന്റെ ഇളയവനാണ് നീ ഇവനെ മേലിൽ സങ്കടപ്പെടുത്തരുത്. " മറുവശം തിരിഞ്ഞ് ഇളയവനോട് പറഞ്ഞു ഇവൻ നിന്റെ മൂത്തവനാണ് മുതിർന്നവരെ അനുസരിക്കണം." അമ്പരപ്പുമാറി എല്ലാവരും ചിരിച്ച നിമിഷത്തിൽ മുത്തച്ഛൻ അവർക്ക് പുതിയ കളിപഠിപ്പിച്ചു കൊടുത്തു. പപ്പാനി മുന്നിലും വെളിച്ചപ്പാട് നടുവിലും പോലീസ് പിന്നിലുമായി ഒരു കുഴലൂത്ത്പോക്ക് ചെണ്ട മുത്തച്ഛൻ ചന്തയിൽ നിന്ന് വാങ്ങിയായിരുന്നു. പോലീസ് ബലൂണിന് സംസാരിക്കാൻ മാത്രമല്ല ബാന്റ്വാദ്യവും വശമായിരുന്നു ! മതിയാവോളം കളിച്ചു പിറ്റേന്ന് നോക്കുമ്പോൾ മൂന്നു ബലൂണുകളും കാറ്റുപോയി കിടപ്പുണ്ടായിരുന്നു. ഇതിൽ പിന്നെ മൂന്നുപേരും തമ്മിൽ ഒന്നിനെച്ചൊല്ലിയും ഒരു തർക്കവും ഉണ്ടാകാറില്ല.



ഷിബി ഷിജോ
IX

# അന്നും....... ഇന്നും.......

## അന്ന്

ഈശ്വരനെ മനസ്സിൽ ധ്യാനിച്ച്
ആദ്യാക്ഷരമെഴുതിയതും
ഗുരുവിൻ കൈപിടിച്ചമ്മയെന്നെഴുതിയതും
അമ്മതൻ ചാരേയിരുന്ന്
അക്ഷരങ്ങൾ ചൊല്ലി പഠിച്ചതും

അച്ഛനും അമ്മയും ഒന്നിച്ചിരുന്ന്
പ്രാർത്ഥന മന്ത്രങ്ങൾ ഉരുവിട്ടതും
കൂട്ടുകാരൊത്ത് കണ്ണിമാങ്ങയും
ചാമ്പങ്ങയും പുളിയും പങ്കിട്ടടുത്തും

തോട്ടിലെ വെള്ളത്തിൽ നീന്തിക്കളിച്ചതും
മുങ്ങാകുഴി ഇട്ടതും മീനിനെ പിടിച്ചതും
തലയൊളിപ്പിച്ചുവച്ചൊരാ, ആമയെ പിടിച്ചതും
ഇന്നലകളിലെ ഓർമ്മ മാത്രം

## ഇന്ന്

സൈബർയുഗവും കമ്പ്യൂട്ടർവത്കരണവും
വിവരസാങ്കേതിക വിദ്യയും ഇന്റർനെറ്റും
ചാറ്റിങ്ങും വാട്സഅപ്പും ഫേസ് ബുക്കും
ഇൻസ്റ്റഗ്രാമും വീഡിയോകോളും
റോബോട്ടും എഐയും ഇപ്പോഴിതാ സ്ക്രൈബനും

**ജോളി ജോസഫ്**
**(മുൻ പ്രഥമാദ്ധ്യാപിക)**

# ഡിസംബറിലെ സമ്മാനം

ഡിസംബറിലെ ഒരു തണുത്ത വെളുപ്പാൻ കാലം. റോണിമോൻ തന്റെ വല്യമ്മച്ചിയെ കെട്ടിപ്പിടിച്ച് ഉറങ്ങുകയാണ്. വല്യമ്മച്ചിയ്ക്കാകട്ടെ ഉറക്കം വരാതെ കിടക്കുന്നു. നന്നേ ചെറുപ്പത്തിൽ റോണിമോന് നഷ്ടപ്പെട്ടതാണ് അവന്റെ മാതാപിതാക്കളെ. പുഴയിൽ തോണി മറിഞ്ഞാണ് അവർ മരിച്ചത്. സാധുവായ ആ വല്യമ്മച്ചി ആ നാട്ടിലുള്ള പ്രമാണിയായ മുതലാളിയുടെ വീട്ടിൽ അടുക്കള ജോലി ചെയ്താണ് അവനെ വളർത്തുന്നത്. എന്നാൽ ഇപ്പോൾ അതിനും വയ്യ. വീട്ടിൽ പട്ടിണി മാത്രം. 10 വയസ്സ് മാത്രം പ്രായമുള്ള റോണിമോൻ എന്ത് ജോലി ചെയ്യാനാണ്. പഠിക്കാൻ മിടുക്കനായ അവന് അത് തന്റെ പഠിത്തം പാതി വഴിയിൽ ഉപേക്ഷിക്കേണ്ടി വന്നു എന്നും യൂണിഫോം ഇട്ട കുട്ടികൾ വിദ്യാലയത്തിൽ പോകുന്നത് സങ്കടത്തോടെ അവൻ നോക്കി നിൽക്കും. പഠിത്തം അല്ലായിരുന്നു അപ്പോൾ അവന്റെ മനസ്സിൽ. എന്തെങ്കിലും ജോലി ചെയ്ത്. തന്റെ വല്യമ്മച്ചിയെ സംരക്ഷിക്കണം ; നോക്കണം. വല്യമ്മച്ചിക്ക് ഒരു നേരത്തെ ആഹാരമെങ്കിലും നൽകണം. അവന്റെ ദുഃഖം മനസ്സിലാക്കിയ അവന്റെ വീടിന് അടുത്തുള്ള കടത്തുകാരനായ കുട്ടപ്പൻ തന്റെ കടത്തുവള്ളം അക്കരെയിക്കരെ കടത്തിറക്കാൻ കൊടുത്തു. എന്നും അതിരാവിലെ മുതൽ അവൻ കടത്തിറക്കാൻ പോകും. വള്ളം തുഴഞ്ഞ് അവന്റെ കുഞ്ഞുകൈകൾ പൊട്ടി. അതൊന്നും വകവെയ്ക്കാതെ അവൻ തന്റെ ജോലി തുടർന്നു. പഠിക്കാനുള്ള അവന്റെ ആഗ്രഹം അവൻ മനസ്സിലൊതുക്കി. ഇടയ്ക്കിടെ ആരും കാണാതെ തന്റെ സങ്കടം അവൻ പുഴയോട് പറയുമായിരുന്നു. ഒരു ദിവസം അക്കരെ നിന്ന് ഓരാൾ കടത്തുകാരാ ഇങ്ങോട്ട് വാ എന്നു വിളിച്ചു. റോണിമോൻ വള്ളം തുഴഞ്ഞ് അക്കരെയെത്തി. ആ മനുഷ്യനെയും കൂട്ടി തോണി തുഴഞ്ഞ് ഇക്കരെയ്ക്ക് വന്നു കടവിലെത്തി. അദ്ദേഹം തന്റെ സഞ്ചി വള്ളത്തിൽ വച്ച് മറന്നുപോയി. ആ സഞ്ചി നിറയെ പണമായിരുന്നു. കിഴക്കൻ നാട്ടിൽ നിന്ന് പലചരക്ക് വിറ്റ് കിട്ടിയ പണവുമായി എത്തിയതായിരുന്നു. ആ മനുഷ്യൻ. അയാൾ പോയി കുറച്ച് നേരം കഴിഞ്ഞപ്പോഴാണ് റോണിമോൻ ആ സഞ്ചി കണ്ടത്. അവന് എല്ലാം മനസ്സിലായി. അവൻ ആ മനുഷ്യൻ പോയി കുറച്ച് കഴിഞ്ഞപ്പോഴാണ് റോണിമോൻ ആ സഞ്ചി കണ്ടത് അവന് എല്ലാകാര്യവും മനസ്സിലായി. അവൻ ആ വ്യാപാരി വരുന്നതും കാത്ത് നോക്കി നിന്നു ആ വ്യാപാരി തിടുക്കത്തിൽ ആ തോണിക്കരയിൽ തിരിച്ചെത്തി. അദ്ദേഹത്തെ കണ്ടയുടൻ റോണിമോൻ ആ സഞ്ചി അദ്ദേഹത്തെ ഏൽപ്പിച്ചു. അദ്ദേഹത്തന്റെ ഒരു പണം പോലും നഷ്ടപ്പട്ടില്ല എന്ന് അദ്ദേഹം മനസ്സിലാക്കി. അദ്ദേഹം അവന് ഒരുപിടി പണം നൽകി. എന്നാൽ അവൻ അത് വാങ്ങിയില്ല. കാരണം അവന്റെ വല്യമ്മച്ചി അവനോട് പറഞ്ഞിട്ടുണ്ട് 'അർഹതയില്ലാത്തത് വാങ്ങിക്കരുത് എന്ന് " അവനെ ആ വ്യാപാരിക്ക് നന്നെ ബോധിച്ചു. അവനെക്കുറിച്ച് അന്വേഷിച്ച് അറിഞ്ഞ ആ മനുഷ്യൻ അവനെയും അവന്റെ വല്യമ്മച്ചിയുടെയും സംരക്ഷണം ഏറ്റെടുത്തു. ഇപ്പോൾ റോണിമോൻ എന്നും സ്കൂളിൽ പോകുന്നുണ്ട് അവൻ നല്ല സന്തോഷത്തിലാണ്. അവന്റെ ഉള്ളിലെ ലക്ഷ്യം അവൻ സാധുകരിക്കാൻ അവൻ തയ്യാറാവുന്നു.............

ജിമോൻ തോമസ്
IX



# വിദ്യാലയത്തിലെ ഓർമ്മകൾ

എവിടുന്നൊ വന്ന ചിലർ നമ്മുടെ ജീവിതത്തൽ മറക്കാനാവാത്ത കഥാപാത്രങ്ങളായി മാറുന്നു .ആദ്യത്തെ പാഠശാല വീടാണ് അത് കഴിഞ്ഞാൽ വാദ്യലയവും അവിടെയാണ് മറക്കാനാവാത്ത ചില നിമിഷങ്ങൾ നമ്മുടെ ജീവിതത്തിലെക്ക് പ്രവേശിക്കുന്നത്. സുഹൃത്ത് ബന്ധം വളരെ വിലപ്പെട്ടലാണ്. വിദ്യാലയം നമ്മുക്ക് മറക്കാനാവാത്ത ഓർമ്മകൾ സമ്മാനിച്ചിട്ടുണ്ട് കൂട്ടുകാരുമായുള്ള ചെറിയ പിണക്കങ്ങളും ഇണക്കങ്ങളും ഒത്തുചേരുമ്പോൾ അതോരു വലിയ സുഖം തന്നെയാണ് . നമ്മൾ ഈ വിദ്യാലയഘട്ടം കഴിഞ്ഞു പോയാൽ തിരിച്ച വ്യന്നത് സാദ്യമല്ല . അതുകോണ്ട് ഉള്ള കാലം വിദ്യാലയത്തിൽ സന്തോഷത്തോടെ പഠിച്ച് മുന്നോട്ട് പോകാൻ ശ്രമിക്കുക വിദ്യാലയത്തിലെ നല്ല നല്ല ഓർമ്മകൾ മനസ്സിൽ സൂക്ഷിക്കുക.വിദ്യാലത്തിൽ നിന്നു കിട്ടുന്ന അറിവുകൾ പ്രയോജനപ്പെടുത്താൻ ശ്രമിക്കുക അറിവിനെക്കാൾ വലിയ നേട്ടമില്ല.

അതുല്യ അജിത്ത്
IX





The unknown bird spread
it's huge wings to that
burning furnace
No alarming cries
No signs of pain

In my mango meadows
a girl was hanging
in a a red saree
The design on her pallu
resembled to something
I know
Her face reinstated...

When I approached my
writing  desk
I have noticed, Ink
is splattered everywhere
and a loud noise
was heard from behind

I felt I am merging
into the visions
that crossed my fanatic mind



Jins mary
Teacher

# മഴയോർമ്മകൾ

അന്നു ഞാൻ തീർത്തൊരു
കടലാസുതോണിയിൽ

പെയ്തിറങ്ങുന്ന മഴക്കാലമേ
ഇന്നു നിനക്കാത്തു

ഞാൻ നിൽക്കവേയെന്നിൽ
കുളിരോർമായ് നിൽപ്പ നീ....

പാഠശാലയിൽവന്നു കൂത്താടുവാൻ
എന്റെ കൂട്ടുകാരനായ് വന്നു നീ

നിൻ സ്നേഹസ്പർശമൊ-
ന്നേൽക്കെ പ്രകൃതിയും

ഈറനണിഞ്ഞു നിൽക്കുന്നു
പാടവരമ്പിൽ ഞാൻ

പാറിനടക്കവേ നീ മന്ദഹാസം പൊഴിച്ചു
മാരിവില്ലിന്റെ ഏഴു നിറങ്ങളും

എൻ കണ്ണിൽ തിളങ്ങി നിന്നു
എൻ കണ്ണിൽ തിളങ്ങി നിന്നു

**ബിസ്മി ബിജു**
IX



# ജീവിത സ്വപ്നം

ഒരു സാധു കുടുംബത്തിൽ ജനിച്ചു വളർന്നവളാണ് ജോൺസി. ഇവൾക്കു താഴെ രണ്ട് സഹോദരങ്ങളാണ് ഉള്ളത്. രണ്ടാമത് ജനിച്ചവളാണ് ജോസ്മി. ഇവരുടെ അച്ഛനും അമ്മയ്ക്കും ഒരു ആൺക്കുഞ്ഞ് ജനിക്കണമെന്നാണ് ആഗ്രഹം. ഇരുവരും ദൈവത്തോട് പ്രാത്ഥിച്ചു . വർഷങ്ങൾക്ക് ശേഷം ഇവർക്കൊരു ആണക്കുഞ്ഞ് പിറന്നു. ജോയൽ. ഒരു ചെറിയ വീടായിരുന്നു അവരുടേത്. വീട്ടിൽ  അംഗങ്ങൾ കൂടുതലായിരുന്നതിനാൽ താമസിക്കാൻ വളരെ ബുദ്ധിമുട്ടായിരുന്നു. കുട്ടികൾ വളർന്നു. ജോൺസി പഠിക്കുകയായിരുന്നു. അമ്മ അച്ഛനോട് പറയുകയാണ് , കുട്ടികൾ വളരുകയാണ്. ഈ വീടോ എപ്പോഴും ഇതുപോലെ തന്നെ. മഴപെയ്താൽ വെള്ളം വീടിനകത്തു കയറും. ഇതു കേട്ട ജോൺസി ആലോചിച്ചു. ഞാൻ മൂത്തതാണ്. എൻ്റെ സഹോദരങ്ങളുടെ മൂത്ത ചേച്ചിയാണ് ഞാൻ അച്ഛനെ കൊണ്ട് ഒറ്റയ്ക്ക് വീടുവയ്ക്കാൻ പറ്റുകയില്ല. പിന്നെ അവൾ ഈ ആഗ്രഹത്തോടെ പഠിക്കാൻ തുടങ്ങി നേഴ്സിങ്ങ് കോഴ്സ് എടുത്ത് പഠിച്ചു. സഹോദരങ്ങളും ജോണസിയെ പോലെ നല്ല രീതിയിൽ പഠിച്ചു. ജോൺസിക്ക് ജോലി കിട്ടി. അവൾ പുറം രാജ്യത്ത്  പോയി ജോലി ചെയ്തു. ആദ്യ ശമ്പളം അവൾ അവളുടെ ഇടവകപള്ളിയിലേക്ക് സംഭാവനയായി കൊടുത്തു. പിന്നെ പിന്നെ വീടുപണിക്കായി മാറ്റിവച്ചു. വർഷം ഒന്നായപ്പോൾ വീടുപണി തുടങ്ങി. രണ്ടാമത്തെ മകൾ ജോസ്മി പഠിച്ചു കഴിഞ്ഞു. അവൾക്ക് ബാങ്കിൽ ജോലി കിട്ടി. ജോയൽ പ്ലസ് ടു കഴിയാറായി. അതിനിടയിൽ വീടുപണി കഴിയായി. അതിനിടയിൽ അവളുടെ സുഹൃത്തുക്കൾ സഹായിക്കാം എന്നു പറഞ്ഞപോഴും അവൾ സമ്മതിച്ചില്ല. വീടു പണി കഴിഞ്ഞു,. അവൾ നാട്ടിൽ വന്നു. അച്ഛനും അമ്മയും അവളെ കണ്ടപ്പോൾ കെട്ടിപ്പിടിച്ചു കരഞ്ഞു.. അവരുടെ ജീവിതസ്വപ്നം അവൾ പൂർത്തിയാക്കി.

അൽഫോൺസ ആൻ്റണി
IX



# MY OLD MEMORIES

I hate my old memories.
That makes me very sad.
It's like a broken glass.
I don't like to remember my memories
I don't like my memories.
But i like few memories.
The memories with my family,
The memories with my best friends.
The memories with them was very beautiful.



NEVIN GEORGE TIJO
IX

# MY FATHER

My father is a good person.
My father will solves my all problem.
My father is my way keeper.
My father is my super hero.
If my father is happy am also happy.
My father is very caring.
My father is very nice person.
I love my father.

ALPHY BABU
IX



# THE KINDNESS OF FREDDY

Once upon a time there was a boy named freddy.he was born on 1998 in switzerland.he was the famous singer at 'salwari' switzerland. Once the day the freddy was walking on the road he was walk to murmaring. And the villages saw this boy was walking to murmar. The villages talk to him what happened? why was you murmaring!The freddy said nothing to else i was so estriped.Then the freddy was go back to home.He was so tired he went to his home with his musical instruments sat on the table where his mother was washing the clothes she was pleased,contented,joyfullor delighted,the freddy was asking to his mother foolish question?beinging freddy was falling down, he was so estered,the next day morning freddy went to his musical class he was now okey!he was singing at his class,one girl hearing his awesome voice from the backside of the musical class near the park.The girl was following to walk this music voice.suddenlly the song was stopped.The girl was freezed.she was peered to even the slightest to the senderd.the girl was standing on the garage.She can't seen freddy,she was looking for him morning to night but he never can't seen him.The girl was gathered! freddy back to his music class after he went to his home 12.00am. his mother was waiting for his son.The freddy was entered to his home,he was carried to put music and while he was dancing,he was flamished.The freddy was succed in leading his carrier daily.The nexty day morning the freddy gathered around the sky! He was blushed the pride.The freddy become boomy the air fragrant and tempreature fine".Years to go!,, The voices and someone singing in a high awesome voice everything seemed to the working breadth and the tempting become.The freddy was gazed screenly through his dream singer field and his major occupations.

Alen Joseph Bobby

IX



# അച്ഛൻ

കാട് പിടിച്ച് കിടക്കുന്നതുപോലെ ഒരു പ്രദേശം അതൊരു ഗ്രാമമാണ് മൂന്ന് പേർ അടങ്ങുന്ന ഒരു ചെറിയ കുടുംബം കഴിഞ്ഞിരുന്നു. മുകുന്ദനും അവന്റെ പ്രിയപ്പെട്ട അച്ഛനും അമ്മയും.അച്ഛൻ അവനെ ജീവനുതുല്യം സ്നേഹിച്ചിരുന്നു . മുകുന്ദന്റെ കുട്ടിക്കാലം കഴിഞ്ഞിരുന്നു. അവൻ പക്വതയുള്ള ഒരു യുവാവായിരിക്കുന്നു.അവന്റെ അച്ഛൻ അവനെ ദാരിദ്ര്യം
എന്തെന്ന് അറിയാതെയാണ് വളർത്തിയത്. അതുപോലെ കഷ്ടപ്പെട്ടിരുന്നു.അവന്റെ അച്ഛനും അമ്മക്കും പ്രായമായി കഴിഞ്ഞിരിക്കുന്നു അതുകോണ്ട് തന്നെ അവെന്ററെ അച്ഛന് ജോലിചെയ്യാന് പറ്റില്ലായിരുന്നു . ഒരു ദിവസം അച്ഛൻ മുകുന്ദനെ ശകാരിച്ചു.നീ ഇപ്പോൾ
കുട്ടിയല്ല. ഒരു ജോലി ചെയ്യാൻ കരുത്തുള്ള യുവാവാണ് . അവനത് കേൾക്കാൻ തയാറായില്ല.
ദിവസങ്ങൾ കടന്നു പോയി .അവന് ഒരു ജോലിയില്ലാതെ വീട്ടിൽ തന്നെ ഒതുങ്ങിക്കൂടുന്നു.അച്ഛന് ദേശ്യം അടക്കാനായില്ല. തന്റെ കൈയ്യിൽ കിട്ടിയ സാധനങ്ങൾ കൊണ്ട് അവനെ തല്ലാൻ തുടങ്ങി.അപ്പോഴത്തെ ദേഷ്യത്തിൽ അച്ഛൻ അങ്ങനൊക്കെ ചെയ്തുപോയി
മുകുന്ദന് വിഷമം താങ്ങാനായില്ല. അവൻ വീട് വിട്ട് ഇറങ്ങി.അമ്മ നിലവിളിയോടെ പറഞ്ഞു.മോനെ ഞങ്ങളെ വിട്ട് പോകല്ലേ.അവൻ നടന്നകന്നു. വർഷങ്ങൾ കടന്നു പോയി രാത്രിയിൽ ഒരു ബസ്സ് ആ ബസ്സിൽ മുകുന്ദൻ വന്നിറങ്ങി നല്ല ഇരുട്ടായിരുന്നു. അവന്റെ കൈയിൽ വെളിച്ചമില്ല. മാത്രമല്ല അവന്റെ കൈയിൽ പെട്ടിയും സഞ്ചികളുമുണ്ട്. ഗ്രാമത്തിലെ വഴിയില്ലൂടെ നടക്കുകയാണ് അവൻ. പെട്ടെന്ന് കാറ്റടിച്ചു അവന് ഭയമായി പെട്ടെന്ന് അവന്റെ കൈയിലെ പെട്ടി ഒരാൾ പിടിച്ചു അത് അവന്റെ അച്ഛന്റെ രൂപമാണ്. അച്ഛൻ അവനോട് ഒന്നും മിണ്ടിയില്ല. അങ്ങനെ ആ ഇരുട്ടിൽ നിന്ന് അവന്റെ അച്ഛൻ അവനെ രക്ഷിച്ചു. വീടിനടുത്തെത്താറയപ്പോൾ അവൻ അവന്റെ അച്ഛനെ അവിടെങ്ങും കാണുന്നില്ല. അവൻഴ വീടിന്റെ വാതിൽ വരെയെത്തി. അമ്മ അവനെ അകത്തേക്ക് വിളിച്ചു അവൻ അകത്തു കയറി. അപ്പോൾ അവൻ അംബരന്നുപോയി. ഭിത്തിയിൽ അവന്റെ അച്ഛന്റെ ഫോട്ടോ മാലയിട്ട് തൂക്കിയിരിക്കുന്നു. അമ്മ പറഞ്ഞു: നിന്റെ അച്ഛൻ നീ നാടു വിട്ട് പോയതിനാൽ നെഞ്ചുപൊട്ടി മരിച്ചു. അപ്പോൾ ഇത്രയും നേരം കൂടെ വന്നത് അവന്റെ അച്ഛന്റെ ആത്മാവായിരുന്നു. ഇതൊന്നും താങ്ങാനാവാതെ അവൻ വാതിൽക്കൽ നിശബ്ദനായി നിന്നു.....

- ദേവിക. പി.എസ്
IX



# THE RAINBOW

*I am the one seen after the rain.*
*My beautiful colors makes everyone pretty.*
*I have seven colors.*
*I think everyones life is like me*
*It also have different colors,*
*I fades very quickly,*
*but i am unforgettable in everyones mind.*
*Makes others happy*
*I am memory of the large flood at the period of Noha.*
*I gave hope for everone.....*

*Mebin Varghese*
*IX*



# അച്ഛൻ

അച്ഛനാണ് എന്റെ വീടിന്റെ വെളിച്ചം. അമ്മയോളം കരുതലും സ്നേഹവും തരുന്ന വ്യക്തിയാണ് അച്ഛൻ. നമ്മുക്ക് വേണ്ടി മനസറിഞ്ഞ് അധ്വാനിക്കാൻ അച്ഛന് മാത്രമേ കഴിയു. നമ്മുടെ എല്ലാ ആഗ്രഹങ്ങളും നിറവേറ്റി തരും. അച്ഛനോളം വരില്ല ഈ ലോകത്ത് എനിക്ക് ഒന്നും നമ്മുടെ മാതാപിതാക്കൾ നമ്മുക്ക് തരുന്ന കരുതലും സനേഹവും നമ്മുടെ ജ്ജീവിതത്തിലെ അമൂല്യമായ നിധിയാണ്. നമ്മുക്ക് വാനോളം സ്ഹേം തരാൻ അച്ഛനെ കഴിഞ്ഞെ വേറെ ആരുമുള്ളു. അച്ഛനാണ്  എന്റെ വീടിന്റെ  അടിത്തറ . സ്നേഹത്തെിന്റെ നിറകുടമാണ് അച്ഛൻ .

മരിയ ജെ തോമസ്
IX



# The Allu

**The story starts with a small boy his name is allu.He lives in a small house. His father name is pakiry.**
**He has a lover her name is Shallu. She is very beautiful. He saw his lover first time in paddy feild. She was doing her work that time. He promised she was his girl. She was his angel, she was his world. Her eyes just looks like a glittring star. Her beautiful smile enchants his heart.**



**Devanand C S**

**IX**

# വെറുപ്പ്

ഒരു ഗ്രാമത്തിൽ ഒരു പുഴയുടെ അരികിൽ താമസിക്കുന്ന സുധാകരൻ എന്ന ഒരാ ഗ്രാമവാസി അയാളുടെ വീട്ടുള്ളിൽ താമസിക്കുന്ന രാവൽ എന്ന ആളൊട് സുധാകരന് വെറുപ്പായിരുന്നു .
ഈ വെറുപ്പ് ദിവസങ്ങൾ കടന്നു പൊയി. അത് വളരെ അകൽപ്പം ഉണ്ടാക്കി .അങ്ങനെ ഒരു ദുവസം സുധാകരന് പുഴയിൽ നീന്തുവാൻ പറ്റുന്നില്ല അത് കണ്ടു നിൽക്കുന്ന രാവൻ സുധാകരനെ രക്ഷിക്കുന്നു .
അങ്ങനെ അവരുടെ വെറുപ്പും ദേഷ്യവും മാറി അതാണ് പറയുന്നത് എത്ര ദേശ്യവും വെറുപ്പും ഉണ്ടാക്കിയാലും അത് ഒരു ആപത്ത് ഘട്ടങ്ങളിലെല്ലാം നമ്മെ സഹായുക്കുന്നു.



അഹല്യ അജിത്ത്
IX

# ക്രിസ്തുമസ് രാവ്

മഞ്ഞുപ്പെയുന്ന ഈ രാവിൽ
തെളിഞ്ഞ ആകാകാശം
പൂത്ത് നിൽക്കുന്ന ഈ രാവിൽ
പള്ളിയിലെ പുൽക്കൂട്ടം
പോകുന്ന വഴിയിലെ അലങ്കാരങ്ങളും
കണ്ണിന് കുളിർമ ഏകുന്ന
ഉണ്ണിയെ വരവേൽക്കുവാൻ
കൈതിരേിന്തി കുഞ്ഞിപൈതങ്ങൾ അണിനിരയുന്നു
ക്രസ്തുമസിന് മാറ്റ് കൂട്ടുവാൻ.
ക്രിസ്തുമസ് പാപ്പയും പരിവാരങ്ങളും
ക്രിസ്തുമസ് മധുരം നുകരാൻ കുഞ്ഞപൈതങ്ങളും,
ക്രിസ്തുമസ് കേക്കും
എൻ മനസ്സിൽ ഒരിക്കലുംമായാതെ വെൺശോഭയോടെ
ആ കൺചിമ്മുന്ന കാഴ്ച്ചകൾ
ഓർമ്മകളായ് ഇപ്പോഴും



ഗ്രീറ്റി തെരേസ് മാത്യു
IX




വര : അർജ്ജുൻ സനൽ
IX

# വാർമഴവില്ലും ആകാശം എന്ന മൈതാനവും

ഈ ലോകത്തിലെ ഏറ്റവും വലിയ മൈതാനമാണ് നീലാകാശം ശൂന്യമായി പരന്നു കിടക്കുന്ന നീലകടൽ പോലെയാണ് ആകാശം. ആ വിണ്ണിൽ ഏഴ് വർണ്ണങ്ങളിൽ പ്രകൃതി സത്യമായ ഒന്നാണ് മഴവില്ല്. പ്രകൃതിയിൽ കാണുന്ന ഒരു പ്കൃതിഭംഗി മഴപെയ്തു കഴിഞ്ഞും മഴക്കുമുമ്പും  ആ പ്രകൃതിഭംഗി  കാണാൻ സാധിക്കും എന്നും എപ്പോഴും നിന്ന് അക്കരയെന്ന പോലെ കാണാൻ സാധിക്കും. ഈ പ്രപഞ്ചത്തിൽ വേറെ ഒരു സ്ഥലത്തും ഈ ഭംഗികാണാൻ സാധിക്കുകയില്ല. ഒരു ഗഗനസഞ്ചാരിയെപോലെ ആ വാർമഴവില്ലിൽ ഒന്ന് തൊടാൻ സാധിക്കുമായിരുന്നെങ്കിൽ എന്നു ചിന്തിച്ചു പോകും. ആകാശം എന്ന മൈതാനത്തിൽ പലതരം അത്ഭുതങ്ങൾ കാണാൻ സാധിക്കും. രജനിയെത്തുമ്പോൾ ആ മനോഹരമായ ഗഗനം കാണാൻ എന്തു ഭംഗിയാണ്. ഒരു നിർവൃതിയാണപ്പോൾ വിണ്ണിലെ രാജാവാണ് ചന്ദ്രൻ. ആ രാജാവിന് ചുറ്റും മന്ത്രിയും കൊട്ടാരവാസികളും പോലെ മേഘങ്ങളും താരകങ്ങളും ഉണ്ടാകും ഇരുട്ട് നിറഞ്ഞ വിണ്ണിൽ  ചെറിയ ചെറിയ നക്ഷത്രങ്ങൾ മിന്നുന്നത് കാണാൻ എന്തു ഭംഗിയാണ്. ആ ചന്ദ്രന് ചുറ്റും  മേഘങ്ങൾ ഒരു കുടുംബം പോലെ ഒത്തുചേരുന്നതായ് തോന്നും. ആ ആകാശത്തിലേക്ക് നോക്കി നിന്നാൽ കൊട്ടാരത്തിലെ ഒരു അതിഥിയായി വന്നു പോകുന്ന ഒരു സുന്ദരിയാണ് മഴവില്ല്. അവൾ വരുന്ന സമയത്ത് കാർമേഘങ്ങൾ ഒത്തുചേരുകയും ഇടിമുഴക്കവും കാറ്റും കോളുമായി ആരവത്തോടെയാണ് വാർമഴവില്ല് വരുന്നത്. ആകാശമെന്ന കൊട്ടാരത്തിൽ അവളെ വരവേൽക്കാൻ രാജകീയ രീതികളാണ്. മഴവില്ലും ശ്യാമമേഘങ്ങളും നക്ഷത്രങ്ങളും ചന്ദ്രനുമെല്ലാം ഒരു കുടുംബമാണ് ഈ പ്രപഞ്ചത്തിൽ എവിടെയും കാണാത്ത ഒരു ആകാശവിസ്മയം  ആ വിണ്ണിലേക്ക് നേത്രങ്ങൾ ഇറങ്ങിചെല്ലുമ്പോലെ അവിടെ നടക്കുന്ന ആരവങ്ങളും വാസതിയും ദൃശ്യഭാദർഗങ്ങളും കാണാൻ സാധിക്കു ഈ ലോകത്തിലെ വിശ്വസിക്കാനാവാത്ത ഒരു സത്യമാണ് വാർമഴവില്ലും ആകാശം എന്ന മൈതാനവും.



അപർണ്ണ രാജീവ്
IX

# മിന്നാമിനുങ്ങും കുട്ടിയും

ഒരിക്കൽ ഒരു കുട്ടി രാത്രി അവന്റെ അമ്മയുടെ മടിയിലിരുന്നു ചോറ് കഴിക്കുകയായിരുന്നു. അപ്പോൾ അവന്റെ അമ്മ അവന് അമ്പിളിയമ്മാവനെ പിടിച്ചുതരാം, നക്ഷത്രങ്ങളെ പിടിച്ചു തരാം എന്നൊക്കെ പറഞ്ഞ് കുഞ്ഞിന് ഭക്ഷണം വാരിക്കോടുക്കുകയായിരുന്നു.

അപ്പോഴാണ് ആ വഴി കുറച്ച് തിളങ്ങുന്ന എന്തോ ഒന്ന് പറന്ന വന്നത് .അവൻ അത് അമ്മ പറഞ്ഞ നക്ഷത്രമാണെന്ന് കരുതി . അവൻ അമ്മയോട് പറഞ്ഞു. അമ്മേ ഇത് അമ്മ പറഞ്ഞ നക്ഷത്രമല്ലേ ? അമ്മ അവനോട് പറഞ്ഞു അല്ല മോനെ ഇത് മിന്നാമിനുങ്ങാ.

അവൻ പറഞ്ഞു അല്ല അമ്മേ നോക്കു ഇത് തിളങ്ങുന്നുണ്ടല്ലോ ഇത് നക്ഷത്രമാ , ആകാശത്ത് നിന്ന് ഭൂമിയിൽ വീണ നക്ഷത്രം അമ്മ അവനെ പറഞ്ഞുമനസിലാക്കാൻ ശ്രമിച്ചു പക്ഷേ അവൻ സമ്മതിച്ചില്ല.

പിന്നെ അത് മുറ്റത്തെ പുൽതകിടിൽ ഇരുന്നു . അവൻ അമ്മയോട് പറഞ്ഞു അമ്മേ , അമ്മുവിന്റെ കാണാതതെ പോയ സ്വർണ്ണകമ്മൽ ദേ ഇവിടെയുണ്ട് അമ്മ ആകാംശയോടെ വന്നു നോക്കിയപ്പോൾ പിന്നെയും ഒരു മിന്നാമ്നിങ്ങായിരുന്നു അത്.

അപ്പോഴാണ് അവന്റെ അച്ഛൻ ജോലി കഴിഞ്ഞ് വന്നത് . അവൻ അച്ഛനോട് പറഞ്ഞു അച്ഛാ ദേ നക്ഷത്രകുഞ്ഞ് താഴെ വീണു. അച്ഛൻ നോക്കിയപ്പോൾ അതാ ഒരു മിന്നാമിനുങ്ങ് അച്ഛൻ അതിനെ അവൻ്റെ കൈയ്യിൽ വച്ചു കൊടുത്തു .അത് അവനെ ഇക്കിളിയാക്കി. അവൻ കൈ കുടഞ്ഞപ്പോൾ അത് പറന്നു പോയി. രാത്രി കിടക്കാൻ നേരം അച്ഛൻ ഒരു മിന്നാമിനുങ്ങിനെ പിടിച്ച് ഒരു കുപ്പിലാക്കി അവൻ്റെ കട്ടിലിനരികിൽ വച്ചു. അത് മിന്നുന്നതും നോക്കി എപ്പോഴോ അവൻ ഉറങ്ങി പോയി. ഉറക്കത്തിൽ കുപ്പിയിലായ മായാവി എന്നെ തുറന്നു വിടാമോ എന്ന് ചോദിക്കുന്നത് കേട്ട് അവൻ ഉണർന്നു. അപ്പോൾ കട്ടിലിനരികിൽ കുപ്പിയിലിരിക്കുന്ന മിന്നാമിനുങ്ങിനെ അവൻ കണ്ടു. ദയ തോന്നി അവൻ അതിനെ പറത്തി വിട്ടു.

മരിയ ആർ ജോസഫ്
IX



# मेरा गांव

पंपा नदी के किनारे स्थित एक सुंदर गांव है मेरा । गांव का नाम है चेंनमकरी ।मेरे गांव में कई धर्म के लोग रहते हैं ।हम मिल- जुलकर यहां रहते हैं।गांव के अधिकांश लोग खेती करके अपने जीवन बिताते हैं। ईसाई धर्म के विविध प्रकार के गिरजाघर और अनेक मंदिर हैं।एक सौ सत्रह वर्ष पुरानी एक पाठशाला भी है ।वहीं है मेरी पाठशाला " देवमाता एच. एस. चेंनमकरी " मैं और मेरे साथी यहां पढ़ने में बहुत खुश हूं। अनेक देशों से बहुत संचारी यहां आते हैं।यहां छोटी बड़ी नदियां हैं। सड़क है , फिर भी लोग यात्रा करने केलिए नावों की सहायता लेते हैं। नावखेल यहां के मुख्य खेल है। यहां के लोग बहुत परिश्रमी हैं।



आदित्यन एस लेजु
IX



## Hope for the future

*Blooms like a tiny star once*
*every twelve years.*
*Shining like a firefly in blue*
*A hill appear to be covered*
*with a blue cloth .*
*Many tourist come and put down*
*their sorrows and worries.*
*Along with the day of adventures*
*there will be a happy moment*
*in mind that gives us a*
*Hope for the future .*

*Treesa Thomas*

## THE IMPORTANCE OF EDUCATION IN THE BACKGROUND OF HOLY BOOKS

Education holds a paramount significance in human society, transcending cultural, religious, and historical boundaries. This importance is not only underscored by secular philosophies but also deeply ingrained within the narratives and teachings of holy books across various faith traditions. These sacred texts serve as moral compasses, guiding humanity towards enlightenment, wisdom, and ethical conduct, with education standing as a cornerstone in their teachings. In the Judeo-Christian tradition, the Bible emphasizes the value of wisdom and knowledge. Proverbs 1:7 states, "The fear of the Lord is the beginning of knowledge," suggesting that true understanding stems from reverence for the divine. Throughout the Old and New Testaments, the pursuit of knowledge is celebrated, and education is seen as a means to gain insight into the mysteries of life and the divine will. In Christianity, Jesus himself is portrayed as a teacher, imparting spiritual truths through parables and teachings, underlining the transformative power of education in shaping individuals and communities. Similarly, in Islam, the Quran stresses the importance of seeking knowledge as a religious obligation. The very first word revealed to the Prophet Muhammad was "Read," signifying the fundamental role of education in Islam. Quranic verses such as "Allah will exalt those of you who believe and those who have knowledge to high degrees" (58:11) highlight the elevation of those who acquire both faith and knowledge. Islamic tradition places great emphasis on education as a means to cultivate moral character, promote social justice, and serve the greater good, reflecting the belief that enlightenment is inseparable from spiritual growth.

n Hinduism, the Vedas and

Upanishads advocate for thel pursuit of knowledge (vidya) as a pathway to self-realization and liberation (moksha). The Bhagavad Gita, a revered scripture in Hinduism, extols the importance of learning from wise teachers and acquiring spiritual wisdom. Lord Krishna instructs Arjuna on the battlefield, emphasizing the necessity of self-awareness and discernment in navigating life's challenges. Hindu philosophy views education not only as a means of intellectual growth but also as a means of transcending worldly illusions and attaining enlightenment.

In Buddhism, the teachings of Siddhartha Gautama, the Buddha, emphasize the transformative power of education in overcoming suffering and achieving enlightenment. The Noble Eightfold Path, a central tenet of Buddhism, includes "Right Understanding" and "Right Intention," highlighting the importance of cultivating wisdom and insight through learning and contemplation. Buddhist monastic education systems, such as those found in Tibetan Buddhism, have preserved ancient texts and teachings, fostering a tradition of scholarly inquiry and spiritual inquiry. Across these diverse religious traditions, education is revered as a sacred endeavor that uplifts individuals and societies, fostering personal growth, moral development, and spiritual enlightenment. Holy books serve as repositories of wisdom, guiding humanity towards truth, compassion, and ethical conduct. The teachings found within these sacred texts underscore the intrinsic connection between education and the fulfilment of human potential, inspiring generations to seek knowledge, cultivate wisdom, and strive for a better world. As such, education stands as a vital pillar in the pursuit of spiritual and moral excellence, echoing the timeless wisdom of holy books throughout the ages.

Mervin Tom
Teacher

# അമ്മ

അമ്മയാണെനിക്ക് എല്ലാമെല്ലാം
എൻ കുടുംബത്തിനൈശ്വര്യം നീയെ.
ഞാനൊന്ന് തേങ്ങുമ്പോൾ ഓടിയെത്തും
എൻ അമ്മയെ എനിക്ക് ഒത്തിരിയിഷ്ടം
തുവെള്ള തുമ്പപ്പോലെ സുന്ദരിയാണ്.

മുല്ലയെക്കാൾ ഏറെ സുഗന്ധമാണ്
എന്റെ അമ്മയുടെ സനേഹം
അമ്മയെൻ വീടിൻ മഹാലക്ഷമി.
അമ്മക്ക് ഞാൻ തരും
നല്ലൊരു ചക്കര ഉമ്മ .....



അമ്മയാണെൻ ഗുരുവും സുഹ്രത്തും
പഠിപ്പിക്കും നല്ല വിദ്യകളും
നേർവഴി മാത്രം പഠിപ്പിക്കും
സ്വാദുള്ള ഭക്ഷണം വിളമ്പിതരും
അമ്മതൻ കൈപുണ്യം ആഹാ
അത് വേറെയെങ്ങും കിട്ടില്ല
എന്റെ അമ്മക്ക്..........
ചക്കര...ഉമ്മ.......

ബിസ്മി ബിജു
IX

## ചോനൻ ഉറുമ്പ്


ഞാനൊരു ചോനൻ ഉറുമ്പാ...
എന്നെ നാട്ടാർ വിളിക്കും കുറുമ്പാ...
വീടൊരു നാട്ടു വരമ്പാ....
എന്നെ വീട്ടാർ വിളിക്കും കുറുമ്പാ...



എഡ്വിൻ മാത്യു

THE LEADER

Every leader has a great leading quality.
He is the best in all in all.
A leader has good responsibility.
A leader makes everything perfect.
A leader has very nice past.
Every leader should attent the important meeting.
A leader is a sigma male.
Good leader makes good class.
And the class makes good school.
Good schools makes good students.
The good students makes better futures.
Every leaders have humanity.



Sreelekshmi P S
IX

MY FAMILY

My family is in my heart.
It's precious to me.
My family is my first life.
My family is very very impotant in my life.
In this world i like my family the most.
My family is a joint family.
My family is like flowing lakes.
There are some stones and sand in it.
My family has many problems,
but we solved all problems immediately.
My family members has many of time jobs,
but they spenting time with me more hours.
I lucky to get this family, i am so delighted.
I love my family very much.



Seethal Manoj
IX

# മാതാപിതാക്കൾ

ഈ ലോകത്ത് പൂർണമായും വിശ്വസിക്കാൻ പറ്റിയ രണ്ട് വ്യക്തികൾ അച്ഛനെ അമ്മയുമാണ്. ഒരു കുഞ്ഞ് ജനിച്ച വീഴുമ്പോൾ പുതു ജീവൻ മാത്രതല്ല ജനനം എടുക്കുന്നത് പുതിയ മാതാപിതാക്കൾ കൂടിയാണ്. അവരിലുണ്ടാകുന്ന പുതുപ്രതീക്ഷയും സന്തോഷവും കൂടിയാണ് അവരുടെ കുഞ്ഞുങ്ങളാണ്.ആരോക്കെ നമ്മളെ വിട്ടു പോയാലും ഒരിക്കലും നമ്മിൽ നിന് അകന്ന് പോകാത്തവരാണ് നമ്മുടെ മാതാപിതാക്കാൾ . എത്ര ദ്രോഹം ചെയ്താലും എല്ലാം അറിവില്ലായ്മായി കണ്ട് ക്ഷമിക്കാൻ അവർക്ക് മാത്രമേ കഴിയൂ.....
സ്വന്തം ആവശ്യങ്ങൾ മാറ്റിവച്ച് നമ്മുടെ ആവശ്യങ്ങൾ സാധിച്ച് തരുന്നു . ഈ ലോകത്ത് എത്ര പുണ്യം ചെയ്താലും കിട്ടാനാവാത്ത വരധാനമാണ് മാതാപിതാക്കൾ. നമ്മളിൽ നിന്നും ഒന്നും പ്രതീക്ഷിക്കാതെയാണ് നമ്മെ ജീവന് തുല്യം അനര് സ്നേഹിക്കുന്നത്. അവർക്ക് നാം കൊടുക്കാൻ പറ്റിയാ ഏറ്റവും നല്ല കാര്യം അവരെ സ്നേഹിക്കുക.



സുരഭി സുരേഷ് കുമാർ
IX

# Anime World

Animes is a visual animated movies . Animes are very popular nowdays . There are many animes in the present world . Animes are categorised in many ways . For example, some anime series are One Piece , Naruto Shippuden , Bleach , Dragon Ball Super , Blue Look , Solo Leveling etc . My favourite one is One Piece and Naruto . I loves and likes these animes because these are manily based on War and Romance . Every child and old people likes to watch animes . Because each anime consist of various stories . Some animes are very heart touching ones . Animes are mainly telecasted in japanese . By watching these animes we can learn the japanese languages moreover . The most popular anime characters are Goku , Naruto , Luffy , Ichigo , Gojo , Madara etc . I don't know how to impress my anime immotions . By all words I am saying that if you wanna see some more awesome movies first you must see the animated movies and one thing I will become a animator.

Bibin K Bijo

IX



# ജീവന്റെ വില

ഒരു സാധു കുടുംബത്തിൽ അച്ഛനും അമ്മയ്ക്കും ഒറ്റമകനായിരുന്നു ഋഷി. അവന്റെ അച്ഛന്റെ ആഗ്രഹം അവനെയൊരു പോലിസ്ക്കാരനാക്കണംമെന്നാണ്. അമ്മയുടെ ആഗ്രഹം ഋഷിയെ ഡോക്ടറാക്കണംമെന്നാണ് . ഈക്കാര്യം പറഞ്ഞ് മിക്കദിവസവും വഴക്കായിരുന്നു.ആ വഴക്ക് ഋഷിക്ക് നല്ല സങ്കടംമുണ്ടായിരുന്നു.സ്ത്രീയുടെ ക്ഷമയിലാണ് ഒരു കുടുംബം മുന്നോട്ട് പോകുന്നത് എന്ന് കരുതി അമ്മ അച്ഛന്റെ ആഗ്രഹത്തിന് കൂട്ടുനിന്നു .ഋഷിക്ക് പത്ത് വയസുള്ളപോൾ അവന്റെ അച്ഛൻ ഒരു കാർ അപകചടതിൽ മരണമടഞ്ഞതിനാൽ ആ കുടുബം അനാഥമായി . പക്ഷേ അ കുടുംബം തളർനില്ല. അവന്റെ അമ്മ വളരെ കഷ്ട്ടപെട്ട് പഠിപ്പിച്ചു ഡോക്ടറാക്കി . അവൻ ആ ജോലി നന്നായി നിർവഹിക്കുന്നതിനിടയിൽ അവനോരു ശത്രു രൂപപെട്ടു . ഋഷി ജോലി ചെയ്യുന്ന ആശുപത്രിയിലെ എല്ലാ മനുഷ്യരെയും കോല്ലുക എന്നതായിരുന്നു ശത്രുവിന്റെ ലക്ഷ്യം . ഋഷി ഈ കാര്യം കണ്ടുപുടിക്കുന്നതിന് മുൻപ് ആ കാര്യം ആശുപത്രിയിലെ ഭൂരിപക്ഷം പേരും മരിച്ചിരുന്നു .ഇത് ആരാണെ് ചെയ്തതെന്ന് ഋഷി കണ്ടുപിടിച്ചതോടെ അവനെ എങ്ങനെയം കോല്ലണംമെന്നായി ഋഷിയുടെ ചിന്ത . അവനെ നശിപിക്കാനായി അവൻ ചെയ്ത ദ്രാഹങ്ങളെല്ലാം സാമൂഹികമാധ്യമങ്ങളിലെക്ക് ഋഷി അയച്ചു കോടുത്തു . പിന്നെ അത് ഒരു ചർച്ചവിഷയമായി ലോകമെങ്ങു നിറഞ്ഞു . അങ്ങനെ ഒരു ദിവസം ഋഷി ജോലി കഴിഞ്ഞ് തിരിച്ച് വീട്ടിലേക്ക് മടങ്ങുമ്പോൾ കൊല്ലാനായി അവന്റെ ശത്രു ഒരു . കെണിയൊരുക്കിയിരുന്നു .പക്ഷേ, ആ കെണിയിൽ അവനു പകരം വേറോരു പെൺകുട്ടിയാണ്. ബൈക്കിൽ വരുന്നതിനിടയിൽ കഴുത്ത്മുറിച്ച് കോല്ലാനായിരുന്നു കെണി.ആ പെൺക്കുട്ടിയെ ആശുപത്രിയിൽ എത്തിചെങ്കിലും ഒരു ഡോക്ട്ടറിനും അവളുടെ സംസാരശേഷി നിലനിറത്താൻ സാധിച്ചില്ല. പിന്നിട് അവർ ശത്രുതയെല്ലാം മറന്ന് സുഹൃത്തക്കളെപ്പോലെ കഴിയുകയും ചെയ്തു.......

- ഷിബി ഷിജോ
IX

# യഥാർത്ഥ സുഹൃത്ത്

**ഒരികൽ രണ്ടു കൂട്ടുകാർ ഒരു മരുഭൂമിൽ നടക്കുകയായിരുന്നു. ഒരു കൂട്ടുകാരൻ മറ്റേ കൂട്ടുകാരനെ തല്ലി. അത് അവൻ മണലിൽ എഴുതി. ഇന്നു അവൻ എന്നെ തല്ലി. പിന്നെ നടന്നു കൊണ്ടിരുന്നു. അവൻ ചെളിക്കുഴിൽ വീണു. അവനെ തല്ലിയ കൂട്ടുകാരൻ അവനെ രക്ഷിച്ചു. അപ്പോൾ അവൻ അത് ഒരു കല്ലിൽ എഴുതി. ഇന്നു അവൻ എന്നെ രക്ഷിച്ചു. ഇതു കണ്ട കൂട്ടുകാരൻ ഇത് എന്തിനാണ് എഴുതിയതെന്നു ചോദിച്ചു. അപ്പോൾ പറഞ്ഞു. മണലിൽ എഴുതിയാൽ കാറ്റു മൂലം അത് മാഞ്ഞ് പോകും. ഞാനും അത് മറന്നു പോകും. എന്നാൽ കല്ലിൽ എഴുതിയാൽ അത് ആർക്കും മായിക്കാൻ കഴിയില്ല. അതുപോലെ ഞാനും അത് മറക്കില്ല. അത് കണ്ട് കൂട്ടുകാരൻ അവനെ കെട്ടിപ്പിടിച്ചു. എന്നിട്ട് ഇങ്ങനെ പറഞ്ഞു. നീ ആണ് എന്റെ യഥാർത്ഥ സുഹൃത്ത്.**

**- ഗ്രിറ്റി അൽഫോൺസ് മാത്യു**
IX

സോഷ്യൽ മീഡിയയും ഇന്നത്തെ കാലഘട്ടവും

കാലം മാറുമ്പോൾ കോലവും മാറണം,നാടൊടുമ്പോൾ നടുവേ ഓടണം എന്ന് പഴമക്കാർ പറഞ്ഞ് നാം കേട്ടിട്ടുണ്ടാകാം. പഴമക്കാരുടെ കാലം കഴിഞ്ഞെങ്കിലും ഈ പഴമൊഴിക്ക് ഇന്നും പ്രസക്തിയേറെയാണ്. ഇന്നത്തെ കാലഘട്ടം അനുകരിക്കലിന്റെതാണ് . എന്ത് കണ്ടാലും അനുകരിക്കുക എന്നതാണ്. ഇതിന് കൂടുതൽ താങ്ങ് നൽകാൻ സോഷ്യൽ മീഡിയ മുൻപന്തിയിൽ തന്നെയുണ്ട് . Facebook , Insagram , YouTube എന്നീ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകൾ ഇതിന് വഴിതുറക്കുന്നു . ഈ അനുകരണത്തിനും രണ്ട് വശങ്ങളുണ്ട് . ചിലർ ഇതിലെ നല്ലക്കാര്യങ്ങൾ അനുകരിക്കുന്നു . ചിലർ ഇതിലെ ചിലക്കാര്യങ്ങൾ അത്രനല്ലതായിട്ടല്ല അനുകരിക്കുന്നത് . ഉദാഹരണതിന് തുണിതൈക്കുന്നത് വേണ്ടിയാണെങ്കിൽ നല്ല മോഡൽ ഡ്രെസ്സ് നോക്കിയായിരിക്കുമല്ലൊ ഇതിനായ് ചിലർ സോഷ്യൽ മീഡിയ ഉപയോഗിക്കുന്നു . ഇനി ഇതിൽകൂടി ഗെയിം കളിക്കാൻ ആഗ്രഹിച്ച് അത് അനുകരിക്കുന്നവരും , ചില വീഡിയോയിൽ നിന്ന് കേൾക്കുന്ന അസഭ്യവാക്കുകൾ അനുകരിക്കുന്നവരും ഇന്ന് ഉണ്ട് . സോഷ്യൽ മീഡിയ അത് ഒരു സോഷ്യൽ പ്ലാറ്റ്ഫോമാണ് എന്ന് തിരിച്ചറിഞ്ഞ് വേണം നാം പോസ്റ്റ് ചെയ്യാൻ . നമ്മുടെ പോസ്റ്റുകളിൽ നിന്നും തന്നെ നമ്മുടെ സ്വഭാവം വായിച്ചെടുക്കാൻ പറ്റും .

ഇന്നത്തെ കാലഘട്ടത്തിൽ ഒരുവന്റെ മനസ്സറിയണമെങ്കിൽ അവന്റെ സെർച്ച് ഹിസ്റ്ററി നോക്കിയാൽ മതി . സൈക്കോളജിസിന്റെ ആവശ്യം പോലും ഇല്ല . കാരണം നമ്മൾ മനസ്സിൽ കാണുന്ന എന്തും ശരിയാണോ എന്ന് നോക്കുന്നത് സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമിലാണ് . നമ്മുടെ കൈയ്യിൽ ഇരിക്കുന്ന ഈ ചെറിയ വസ്തു അത്രനിസാരക്കാരനല്ല . എന്തെങ്കിലും ഒരു ചെറിയ പിഴവ് സംഭവിച്ചാൽ മാറിമറിയുന്നത് നമ്മുടെ ജീവിതം തന്നെയാണ് . സോഷ്യൽ മീഡിയകൊണ്ട് ചിലർക്ക് പറ്റുന്ന അമളിയാണ് സത്യാവസ്ഥ അറിയാതെ പോസ്റ്റ് ചെയ്യുന്നത് . കണ്ണിൽ കണ്ട ഉടനെ പോസ്റ്റ് ചെയ്യുകയല്ല വേണ്ടത് അതിന്റെ സത്യം മനസ്സിലാക്കണം . പോസ്റ്റ് ചെയ്തത് തെറ്റാണ് എന്നറിഞ്ഞ് ഡിലീറ്റ് ചെയ്താലും വലിയ കാര്യമില്ല . ഇന്നത്തെ കാലഘട്ടത്തിലെ കൊച്ചുകുട്ടികൾ മുതൽ പ്രായമായവർ വരെ എല്ലാവർക്കും സോഷ്യൽ മീഡിയ അക്കൗണ്ടുകൾ ഉണ്ട് സത്യമറിയാതെ അവരത് വിശ്വസിക്കുകയും ചെയ്യും മറ്റുള്ളവർക്ക് ഷെയർ ചെയ്യുകയും ഇത് സോഷ്യൽ മീഡിയയിൽ സ്വഭാവികമാണ്. പക്ഷേ ഇതിൽ പരാമർശിക്കപ്പെട്ടവരുടെ മാനസികാവസ്ഥ ഷെയർ ചെയ്ത് ആരും ചിന്തിക്കുകപോലും ചെയ്തിട്ടുണ്ടാകില്ല . ഇതെ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകൾ മറ്റൊരു വ്യക്തി ഇതിന്റെ സത്യാവസ്ഥ പുറത്തുകൊണ്ടു വന്നാൽ ആരും ശ്രദ്ധിക്കുകയില്ല. ശ്രദ്ധിച്ചാൽ നന്ന് . ഇതേ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിൽ നിന്ന് വരുമാനം സ്വീകരിച്ചവരും ഏറയാണ് . കേക്ക് ബേക്കിങ് , Gifts , collab , ഡ്രെസ്സ് തയ്ച്ചുകൊടുക്കൽ അങ്ങനെ ഒരുപാട് . സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിൽ ഒരു like , share button അമർത്തുന്നതിന് മുമ്പ് ഇതിന് like / share ആവശ്യമുണ്ടോ എന്ന് ചിന്തിക്കുക .

മറ്റുള്ളവർക്ക് നമ്മളാലാകും വിധം നല്ലതിനെ കാണിച്ചു കൊടുക്കുക . നന്മ സ്വയം തിരിച്ചറിയുക . യുക്തിക്കനുസരിച്ച് വേണം പ്രവർത്തിക്കാൻ . സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിൽ അകപ്പെട്ട പലരും യുക്തിക്കനുസരിച്ചല്ല പെരുമാറുന്നത് . മറ്റുള്ളവരെ അനുകരിടച്ചാണ് അങ്ങനെ ചെയ്യുമ്പോഴും അതിലെ യുക്തിതിരിച്ചറിയുന്നില്ല ങ്കിൽ അത് വളരെ വലിയ തെറ്റാണ് വിവേകത്തോടുള്ള പെരുമാറ്റം ജീവിതത്തിൽ ഗുണംചെയ്യും . സോഷ്യൽ മീഡിയയെക്കുറിച്ചുള്ള അറിവുള്ളവരായി വിവേകതോടെ ഇതിലെ ചതിക്കുഴികൾ മനസ്സിലാക്കി പെരുമാറുക


ട്രീസ തോമസ്
IX

# താഴ്‌വരയിലെ കുളിർക്കാറ്റ്

ഒരിടത്ത് ഒരു കൊച്ചു കുടുംബം ഉണ്ടായിരുന്നു.മലചെരുവിൽ ആയിരുന്നു അവരുടെ ആദ്യതാമസം. പിന്നീട് അവർ നല്ല വിലയ്ക്ക് ഒരു കൊടും കാട്ടിൽ വീട് വാങ്ങി. അവർ അച്ഛനും അമ്മയും രണ്ട് മക്കളും അടങ്ങുന്ന ചെറുകുടുംബമായിരുന്നു. മൂത്തത് ആൺകുട്ടിയായിടുന്നു. അവന്റെ പേര് അമൽ എന്നായിരുന്നു. അനിയത്തിയുടെ പേര് അമ്മു എന്നാണ്. അമലിന് ഇപ്പോൾ 16 വയസ്സും. അമ്മുവിന് 11 വയസ്സുമായിരുന്നു.ഇപ്പോൾ പുതിയ വീട്ടിലാണ്  താമസം. മുറിയിൽ കിടന്നപ്പോൾ എന്തോ ഒന്ന് പേടിപ്പിക്കാൻ തുടങ്ങി പുറത്ത് നല്ല കാറ്റുണ്ടായിരുന്നു കാറ്റടിച്ച് ജനാലയുടെ വാതിലുകൾ നല്ല ശക്തിയായി അടയാൻ തുടങ്ങി. അവൻ പുറത്തേക്ക് നോക്കിയപ്പോൾ ആരോ നിൽക്കുന്ന പോലെ തോന്നി.അവൻ പുറത്തേക്ക് ചെന്ന് അവരോട് സംസാരിക്കുവാൻ ശ്രമിച്ചു. അവൻ ചോദിച്ചു നീ ആരാണ്? അവൾ പറഞ്ഞു ഞാൻ നിന്റെ സഹോദരിയാണ്. അമൽ പറഞ്ഞു എന്റെ സഹോദരിയോ! എന്റെ സഹോദരി അവിടെ ഉറങ്ങുകയാണ്. അപ്പാൾ അവൾ പറഞ്ഞു നീ കഴിഞ്ഞ ജന്മത്തിൽ അനിയനായിരുന്നു. ഈ ജന്മത്തിൽ നിനക്കെന്നെ ഓർമ്മയില്ലേ? നിങ്ങൾ എന്താണ് പറയുന്നത് നിങ്ങളുടെ അനിയനോ? അതെ നിന്നെ ഇവിടെ എത്തിച്ചത് ഞാനാണ്. നിങ്ങളോ! അവൾ പറഞ്ഞു അതെ ഞാൻ തന്നെ നിന്നെ കൊണ്ട് എനിക്കാവശ്യമുണ്ട്. എനിക്ക് സ്വർഗ്ഗത്തിൽ എത്തണമെങ്കിൽ നീ എന്റെ കൂടെ വരണം. ഇല്ല എന്റെ കുടുംബത്തെ വിട്ട് ഞാൻ എങ്ങോട്ടും വരില്ല. പറ്റില്ല നീ എന്റെ കൂടെ വന്നേ പറ്റു. നീ എന്റെ അനിയനാണ്, നീ ഞാൻ പറയുന്നത് കേർക്കണം. ഇല്ല എനിക്ക് നിന്നെ അറിയുകയില്ല,ഞാൻ വരില്ല. എന്റെ കുടുംബത്തെ വിട്ട് ഞാൻ എങ്ങാട്ടുമില്ല ഇത് എന്റെ ഉറച്ച തീരുമാനമാണ്.

അർജുൻ സനൽ
IX

# ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങൾ













KNOWLEDGE
INNOVATION
TECHNOLOGY
freedom fest2023
12-16 AUG, THIRUVANANTHAPURAM
സ്വതന്ത്ര വിജ്ഞാനോത്സവം 2023
KNOWLEDGE INNOVATION TECHNOLOGY
2023 ആഗസ്റ്റ് 12 മുതൽ 15 വരെ
ടാഗോർ തിയേറ്റർ - തിരുവനന്തപുരം
little KITEs
ALL ARE WELCOME






DMHS
LITTILE KITE
presenting


DEVA MATHA
CHENNAMKARY.

